(ബി) ഈ യൂണിററിൽ ആവശ്യമായ നേഴ്സുമാരേയും ഡോക്ടർമാരേയും നിയമിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ആവശ്യമായ സ്ററാഫിനെ നിയമിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ;

(ഡി) ഇതിൻപ്രകാരം നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ, വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ) 19–8–1991-ൽ സ്ഥാപിച്ചു.

(ബി) സ്വീകരിച്ചിട്ടുണ്ട്.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) കൂടുതൽ തസ്തിക സൃഷ്ടിക്കുന്നതിനുള്ള നിർദ്ദേശം പരിശോധിച്ചുവരുന്നു.

## കണ്ണൂർ ജില്ലയിലെ പെരിങ്ങോം എരിപുരം പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ കീഴിലെ കുടുംബക്ഷേമ കേന്ദ്രങ്ങൾ

228 [3151] ശ്രീ. സി. പി. നാരായണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ പെരിങ്ങോം, എരിപുരം പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ കീഴിൽ എത്ര കുടുംബക്ഷേമ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) കുടുംബക്ഷേമ കേന്ദ്രങ്ങളിൽ സ്വന്തമായി കെട്ടിടങ്ങളുള്ളവ എത്ര;

(സി) കെട്ടിടങ്ങൾ പൂർത്തിയായിട്ടും തുറന്നു പ്രവർത്തിക്കാത്തവ എത്ര;

(ഡി) ഈ കെട്ടിടങ്ങൾ തുറന്നു പ്രവർത്തിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പെരിങ്ങോം പി. എച്ച്. സി.-യുടെ കീഴിൽ 21-ഉം എരിപുരം പി. എച്ച്. സി.-യുടെ കീഴിൽ 17-ഉം.

(ബി) പെരിങ്ങോം .. 16 എണ്ണം
എരിപുരത്ത് .. 5 എണ്ണം

(സി) പെരിങ്ങോം പി. എച്ച്. സി.-യുടെ കീഴിൽ പണി പൂർത്തിയായ രണ്ടു സബ് സെൻററുകൾ ഉണ്ട്.

(ഡി) സ്വീകരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly